

# അമേരിക്കൻ കഥകൾ

## മിനികഥകൾ മുപ്പത്തി മൂന്ന്

ജോയിക്കുട്ടി, ഡിട്രോയിറ്റ്

അന്നച്ചിയുടെ അത്രയും തന്നെ പ്രായമുള്ള അവരുടെ വളരെ അടുത്തു പരിചയക്കാരിയുടെ കഥയാണ് ഇപ്പോൾ പറയാൻ പോകുന്നത്:

കന്നമ്മയും കമലമ്മയും രണ്ടും കസ്സിൻസാണ്. അപ്പന്റെ ജേഷ്ഠാനുജന്മാരുടെ മക്കൾ. കേരളത്തിലെ വളരെ കുഗ്രാമത്തിൽ ജനിച്ചവർ. രണ്ടു പേരും ഹൈസ്ക്കൂൾ പാസായ് നിൽക്കുന്ന സമയം; പത്രത്തിൽ കൂടെ അറിഞ്ഞു രാജസ്ഥാനിൽ ഒരു സ്ഥലത്തുള്ള ആശുപത്രിയിൽ നേഴ്സിംഗിന് ട്രയിനിംഗിന് ആളെ എടുക്കുന്നു. ഇന്നേക്ക് ഏകദേശം അറുപത്തിരണ്ടു വഷം മുമ്പാണ്. രണ്ടും കൂടെ പോകാൻ തീരുമാനിച്ചു. കന്നമ്മയുടെ കുടുംബം വളരെ നിദ്ധനാവസ്ഥയിൽ. കൂടാതെ വീടു നിറച്ചും മക്കളും. അവൾ ജനിച്ചു കഴിഞ്ഞപ്പോൾ തന്നെ അവളുടെ അമ്മ വീട്ടിൽ നിന്നാണ് വളന്നത്. എല്ലാ വഷവും ഓരോ മക്കൾ വീതം ജനിക്കും. കൃഷിയാണ് ഏക വരുമാനം. അവർ രണ്ടും കൂടെ തീരുമാനിച്ചപ്പോൾ, അവരുടെ അപ്പന്മാരെല്ലാം കൂടെ പിരിവു നടത്തി, അവരിൽ ഒരാൾ രണ്ടു പേരേയും കൂട്ടി അവടേക്കു തിരിച്ചു. ഭാഷയും ഒന്നും അറിയാൻ വയ്യാത്ത ദേശത്ത് ഒരു ഹോട്ടലിൽ താമസിച്ചു കൊണ്ട് അന്വേഷിച്ചപ്പോൾ അടുത്തടുത്തുള്ള രണ്ട് ആശുപത്രികളിൽ നേഴ്സിംഗിന് ട്രയിനിംഗിന് സൗകര്യം ഉണ്ട്. ഒരിടത്ത് ഉടനെ എടുക്കും, മറ്റെടത്ത് രണ്ട് മാസം കഴിഞ്ഞ് മാത്രമേ ഉള്ളു. അന്നേരം എടുക്കുന്നിടുത്ത് രണ്ടു പേരേയും കൂട്ടി ആക്കിയിട്ട് വന്ന ഉപ്പാപ്പൻ സ്ഥലം വിട്ടു. വളരെ പിന്നെയാണ് പാവം ഈ പെൺപിള്ളേർ അറിയുന്നത് അവർ ചേന്നത് മിഡ്വൈഫ് കോഴ്സിനാണെന്ന്. കൂടെ വന്ന ഉപ്പാപ്പനും അറിഞ്ഞത് ഒന്ന് രണ്ടു വഷത്തെ കോഴ്സാണ് മറ്റേത് നാലു വഷത്തേതാണ്. നാലു വഷം പഠിച്ച് കഷ്ടപ്പെടാതെ രണ്ടു വഷം കൊണ്ട് ഇവർ രണ്ടു പേരും നേഴ്സാകുമല്ലോ. മിടുക്കനായ് അയാൾ പോയ്. തന്നെയുമല്ല, നാട്ടിൽ പോയിട്ട് രണ്ടു മാസം കഴിഞ്ഞ് വീണ്ടും ഇവരെയും കൂട്ടി വരിക വളരെ പ്രയാസമാണ്. അവരുടെ തലവര അങ്ങിനെ ആയി.

ട്രയിനിംഗ് കഴിഞ്ഞ് രണ്ടു പേരേയും രണ്ട് ഗ്രാമപ്രദേശങ്ങളിൽ ജോലിക്കു വിട്ടു. ട്രയിനിംഗിൽ ഇരിക്കുമ്പോൾ കിട്ടുന്ന തുഛമായ തുക കന്നമ്മ വീട്ടിലേക്ക് അയച്ചു കൊടുക്കും; വീട്ടിലെ ദാരിദ്ര്യം അവൾക്ക് നല്ലവണ്ണം അറിയാം. അവൾക്ക് താമസവും ഭക്ഷണവും എല്ലാം അവിടെ നിന്നു കിട്ടും. പിന്നെ ഇടയ്ക്കിടയ്ക്ക് അവൾ കിട്ടുന്നത് പിടിച്ച് അവളുടെ അത്യാവശ്യ ചിലവുകൾ നടത്തും. മകളുടെ പണം വരാത്തപ്പോൾ, വീട്ടിലെ പ്രാരാബ്ദങ്ങൾ കാണിച്ച് വീട്ടീൽ നിന്നും അടിക്കടി കത്തു കിട്ടും. അവർ ധരിച്ചിരിക്കുന്നത് മകൾ അവിടെ ചെന്നപ്പോൾ മുതൽ പരിശീലനത്തിലായാലും കൈ നിറയെ പണം കിട്ടും എന്നായിരുന്നു. കമലമ്മയ്ക്ക് അത്രയും പ്രയാസങ്ങൾ ഇല്ലായിരുന്നു. അവൾ കിട്ടുന്ന പണമെല്ലാം കയ്യിൽ സൂക്ഷിച്ച് വെക്കുമായിരുന്നു.

രണ്ടു വഷത്തെ ട്രയിനിംഗ് കഴിഞ്ഞ് കന്നമ്മ വീട്ടിൽ ചെന്നപ്പോൾ അമ്മ പെറ്റു കിടക്കുകയാണ്. അവൾ ട്രയിനിംഗിന് പോകാൻ നേരവും അതു തന്നെ. എന്നിട്ടും അവൾ മാസാമാസം പണം അയച്ചു കൊടുത്തു.

ഗ്രാമത്തിലെ ജോലി വളരെ ആയാസകരമായിരുന്നു അവൾക്ക്. കൂടെ സഹായിക്കാനും തൊട്ടടുത്ത മുറിയിൽ താമസിക്കാനും ആ ഗ്രാമത്തിൽ തന്നെയുള്ള പ്രായമായ ഒരു സ്ത്രീ യും അവളുടെ മൂന്നു ആൺ പിള്ളേരുമുണ്ട്. പിള്ളേർ വളരെ പൈതങ്ങൾ. രാത്രിയിലും പാതിരാത്രിയിലും എന്തെങ്കിലും പ്രസവമോ വല്ലതും വന്നാൽ അവൾ കൂടെ പോയി എല്ലാം ചെയ്തു കൊടുക്കും. ഇടയ്ക്കിടെ അവൾ പഠിച്ച ആശുപത്രി ഉള്ള പട്ടണത്തിൽ പോയി പല സാധനങ്ങളും വാങ്ങി പള്ളിയിലും പോയ് വരും. അവളുടെ ജോലി സ്ഥലത്ത് രണ്ടാഴ്ച കൂടുമ്പോൾ പ്രായമുള്ള ഒരു ഡോക്ടർ വരും. എല്ലാം പരിശോധിക്കാനും പല റിക്കാഡുകളും ഒപ്പിടാനും മറ്റും മറ്റുമായി. അയാൾ ആദ്യമായ് കന്നമ്മയെ കണ്ടപ്പോൾ ഒന്നു കൊതിവിട്ടു. കൂടെ താമസിക്കുന്ന സ്ത്രീ അവളെ ഭീഷണിപ്പെടുത്തി: അവരെ ആരേയും വെറുപ്പിച്ച് ഇവിടെ ജോലി ചെയ്ത് ജീവിക്കാൻ പറ്റത്തില്ല. തന്മൂലം ആ ഡോക്ടറും, പിന്നെ അതുപോലെ ചെക്കിംഗിനു വരുന്നപ്രായമുള്ള ഒരു ഫുഡ്ഇൻസ്പെക്ടറും വല്ലപ്പോഴുമൊക്കെ അവരുടെ കൊതി തീത്തു പോകാറുണ്ട്. തന്മൂലം അവൾക്ക് പട്ടണത്തിൽ വല്ലപ്പോഴും പോയാൽ ആ ഫുഡ്ഇൻസ്പെക്ടറുടെ വീട്ടിൽ പോയി താമസിക്കാം.

അങ്ങിനെ ഒരു പ്രാവശ്യം പട്ടണത്തിൽ പോയപ്പോഴാണ് ജോൺവഗ്ഗീസെന്ന പട്ടാളക്കാരനെ കണ്ട് പരിചയപ്പെട്ടത്. പിന്നെ ഇടയ്ക്കിടക്ക് അയാളും അവളെ അനുഭവിക്കാനായി അവളുടെ അടുക്കൽ പോകാൻ തുടങ്ങി. അയാളുടെ കഴിവുകൊണ്ട് അവൾക്ക് സ്റ്റാഫ്നേഴ്സാകാനുള്ള ട്രയിനിംഗിന് പ്രവേശനം കിട്ടി. അങ്ങിനെ നാലു വഷം ട്രയിനിംഗായ്. അതു കഴിഞ്ഞപ്പോൾ ആ ആശുപത്രിയിൽ തന്നെ അവൾക്ക് ജോലിയും കിട്ടി. അവിടെ അങ്ങിനെ രണ്ടു വഷം ജോലി ചെയ്തപ്പോൾ തമ്പിക്കുട്ടിയെ പരിചയമായത്. പിന്നെ കുറച്ചു കാലം അയാളും അവളെ ഉപയോഗിച്ചു. അയാളുടെ സഹായം കൊണ്ട് വളരെ ദൂരെയുള്ള വലിയ ആ പട്ടണത്തിലെ കൗൺസലേറ്റിൽ പോയ് അമേരിക്കയ്ക്കു പോകാനായി പേപ്പറുകൾ എല്ലാം പൂരിപ്പിച്ചുകൊടുത്തു.

തുടന്നുള്ള കാര്യങ്ങൾക്ക് ആ പട്ടണത്തിൽ താമസിക്കുന്നതാണ് നല്ലതെന്ന് അവൾക്ക് മനസ്സിലായി. തമ്പിക്കുട്ടിയുടെ ശുപാശ കൊണ്ട് അന്നച്ചിയുമായി പരിചയത്തിലായ്; അവൾ അന്നച്ചിയുടെ അവിടെ താമസിച്ച്, അവർ രണ്ടു പേരും ഒരു ആശുപത്രിയിൽ ചെയ്യാൻ തുടങ്ങി. പിന്നീടവൾ അന്നച്ചിയുടെ കൂടെ താമസമായി. ജോസഫ് അച്ചായന്റെ പരിശ്രമം കൊണ്ടാണ് ആ ആശുപത്രിയിൽ അവൾക്ക് ജോലി കിട്ടിയത് പിന്നീട് ജോസഫ് അച്ചായന്റെ പരിശ്രമം കൊണ്ടാണ് അവൾക്ക് അമേരിക്കയിലേക്ക് പോകാൻ സാധിച്ചത്. അക്കാലങ്ങളിൽ അന്നച്ചിക്ക് രാത്രി ജോലി ഉള്ളപ്പോൾ, അയാൾ അവളെ ശരിക്കും ഉപയോഗിച്ചു.

അവളുടെ അമ്മ എല്ലാം കൂടെ പതിനഞ്ച് മക്കളുടെ അമ്മയായി. അവളുടെ സഹായം കൊണ്ട് ആ വീട് വലിയ ഒരു ബംഗ്ലാവാക്കി. സഹോദരങ്ങളെ എല്ലാം പഠിപ്പിച്ചു. ഒരാങ്ങള ഉൾപ്പെടെ എല്ലാവരേയും അവൾ പഠിപ്പിച്ച് നേഴ്സാക്കി. ഓരോന്നോരോന്നായി എല്ലാത്തിനേയും അവളുടെ അടുത്തു തന്നെ അമേരിക്കയിൽ ആക്കി. അങ്ങിനെ നാല്പതു വയസായപ്പോളാണ് അവൾക്ക് കെട്ടാൻ സമയം കിട്ടിയത്. അവളേക്കാൾ രണ്ടു വയസു കുറവുള്ള സെഖറിയായെ അവൾ കെട്ടി. അവൻ ജോലി ചെയ്യാതെ രാഷ്ട്രീയം കളിച്ചു നടന്നതാണ്. അവനെ കമ്പിനിപണിക്കു പറഞ്ഞു വിട്ടു. ഒരാൺതുണയില്ലാതെ അവിടെ ജീവിക്കാൻ പ്രയാസമായതുകൊണ്ടാണ് അവൾ വിവാഹം ചെയ്തത്. അവൻ, അവൾ പറയുന്ന എല്ലാ കാര്യങ്ങളും ചെയ്യുമെങ്കിലും അവനെ അനുസരിക്കത്തില്ല. മൂന്നു വഷത്തോളം അവൻ അവളുടെ കൂടെ സഹകരിച്ചു. അതു കഴിഞ്ഞപ്പോൾ, അവന് അവൾ നല്ല തല വേദന ആയപ്പോൾ, അയാൾ അവളെ ഉപേക്ഷിച്ച്, കേരളത്തിൽ പോയ് നല്ല ഒരു സുന്ദരി പെണ്ണിനെ വിവാഹം ചെയ്ത് അമരിക്കയിൽ കൊണ്ടു വന്ന് സുഖമായി ജീവിക്കുന്നു.